# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA.MPM14/1626/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/11/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM14/1626/21 തീയ്യതി: 03/11/2021

## മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2019 മുതൽ 23-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 08-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് സിയാദ്. പി.പി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. ലത. ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീ. അബ്ദുൽ അലി കുന്നൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സരോജിനി. കെ.പി | പ്രസിഡന്റ് | 01-04-2019 | 18-09-2019 |
| ഒഴിവ് | പ്രസിഡന്റ് | 19-09-2019 | 10-10-2019 |
| ശ്രീമതി. ബേബി ചാലിൽ | പ്രസിഡന്റ് | 11-10-2019 | 31-03-2020 |
| ശ്രീമതി. മേരി ചെറിയാൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-07-2019 | 21-07-2019 |
| ശ്രീമതി. ജയലത.വി | സെക്രട്ടറി | 22-07-2019 | 05-11-2019 |
| ശ്രീ.ബിജുലാൽ പി.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-11-2019 | 18-11-2019 |
| ശ്രീമതി. ജയലത.വി | സെക്രട്ടറി | 19-10-2019 | 02-12-2019 |
| ശ്രീ.ബിജുലാൽ പി.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-12-2019 | 15-12-2019 |
| ശ്രീമതി. ജയലത.വി | സെക്രട്ടറി | 16-12-2019 | 31-03-2020 |
| ശ്രീ.അബു ഫൈസൽ.കെ | സെക്രട്ടറി | 01-04-2019 | 16-07-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുമ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 28-10-2019 |
| ശ്രീമതി. കമലാഭായി.എം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 29-10-2019 | 13-12-2019 |
| ശ്രീമതി. പുഷ്പ. ഇ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 14-12-2019 | 06-02-2020 |
| ശ്രീമതി. ലുബ്ന .ടി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 07-02-2020 | 31-03-2020 |
| ശ്രീ. ജംഷീദ്.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. മനോജ്. വി. | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീ. സൈതലവി | ഹെഡ്മാസ്റ്റർ | 01-04-2019 | 06-06-2019 |
| ശ്രീ. രമേശൻ വി | ഹെഡ്മാസ്റ്റർ | 07-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. സുരേഷ് ബാബു. ടി.കെ. | അസി.എഞ്ചിനീയർ | 01-04-2019 | 30-07-2019 |
| ശ്രീ.നിഖിൽ.ജെ.കുമാർ | അസി.എഞ്ചിനീയർ | 31-07-2019 | 31-03-2020 |
| ഡോ.ജിഷ നഹർ മുസ്തഫ | മൈഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ശ്രീമതി .വിജയ സി.എൽ | അസി. സെക്രട്ടറി | 01-04-2019 | 26-07-2019 |
| ഒഴിവ് | അസി. സെക്രട്ടറി | 27-07-2019 | 29-07-2019 |
| ശ്രീ.ബിജുലാൽ പി.എസ്. | അസി. സെക്രട്ടറി | 30-07-2019 | 31-03-2020 |
| ഡോ.ദിവ്യ കെ രാജ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ. സാജിത. പി.എം. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. മനോജ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 05-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 05-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 09-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 05-10-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 05-10-2021) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-11 |
| 12 | സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.<br>Written By: Abdul Ali Kunnan (Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-12 |
| 13 | കെട്ടിട നികുതി -ചുമത്തിയതിൽ കുറവ്.<br>Written By: Abdul Ali Kunnan (Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-13 |
| 14 | കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) -അപാകതകൾ .<br>Written By: Abdul Ali Kunnan (Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-14 |
| 15 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.<br>Written By: Abdul Ali Kunnan (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-15 |
| 16 | SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് : രേഖകൾ ലഭ്യമായില്ല.<br>Written By: Latha.O.V (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-16 |
| 17 | സർക്കാർ സ്ക്കൂളിൽ സൗകര്യം ഉറപ്പ് വരുത്താതെ | 1-17 |

| | | |
|---|---|---|
| | എയ്ഡഡ് സ്ക്കൂളുകളിൽ ടോയ് ലറ്റ് നിർമ്മിച്ചു നൽകി.<br>Written By: ABDHU NAZER.P (Audit Officer, On 09-10-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 13-10-2021) | |
| 18 | അസി. എഞ്ചിനീയറുടെ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്.<br>Written By: ABDHU NAZER.P (Audit Officer, On 09-10-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 13-10-2021) | 1-18 |
| 19 | മരാമത്ത് നിർവ്വഹണം - പൊതു അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-19 |
| 20 | മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ- അധിക തുക 11865 രൂപ തിരികെ അടവാക്കി<br>Written By: ABDHU NAZER.P (Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-20 |
| 21 | അസി. എഞ്ചിനീയറുടെ ഓഫീസിലേക്ക് ലാപ്ടോപ് വാങ്ങൽ -ഐ).ടി. മിഷന് അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-21 |
| 22 | പൊതു വിദ്യാലയങ്ങളിൽ കുട്ടികൾക്കുള്ള പാർക്ക് സജ്ജീകരിയ്ക്കൽ: അപാകതകൾ<br>Written By: Latha.O.V (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| PR No.1/KP/6/1/52/2019 തി 25.03.2019 | PR No.2/24.03.2020 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 19-05-2020 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39827534.95 |
| വരവ് | 61475877.00 |
| ആകെ | 101303411.95 |
| ചെലവ് | 54510069.00 |
| നീക്കിയിരിപ്പ് | 46793342.95 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് 40(B) പ്രകാരം |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 15206706 | 15206706 | 10560791 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9150882 | 9150882 | 5085177 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 392294 | 392294 | 308095 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 9352000 | 9352000 | 4137316 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 4617000 | 4617000 | 2410509 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11806911 | 11806911 | 5248520 | 0 |
| ദുരിതാശ്വാസ നിധി | 73193 | 0 | 73193 | 35036 | 38157 |
| ടോട്ടൽ സാനിറ്റേഷൻ (Centrally Sponsored Scheme) | 2289699 | 23840 | 2313539 | 121500 | 2192039 |
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | 757787 | 1744681 | 2502468 | 794355 | 1708113 |
| തൊഴിലുറപ്പ് പദ്ധതി | 1714 | 12760198 | 12761912 | 12758239 | 3673 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 24572597 | 16206479 | 40779076 | 6314981 | 34464095 |
| ബി. ഫണ്ട്. | 0 | 118080 | 118080 | 118080 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കളുടെ ശതമാനം |
| 232 | 89931766 | 142 | 40006099 | 3 | 87 | 44.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1714 | 829636 | 831350 | 827677 | 3673 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11930562 | 11930562 | 11930562 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58080 | 39 |
| കർഷക തൊഴിലാളി പെൻഷൻ | 642600 | 179 |
| വിധവാ പെൻഷൻ | 4701600 | 1027 |
| വാർദ്ധക്യകാല പെൻഷൻ | 7261800 | 2052 |
| വികലാംഗ പെൻഷൻ | 1541400 | 448 |
| വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 02 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 57600 | 16 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.9.2021 ന് 10.30am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിലെ കാഷ് കളക്ഷനായി ഉണ്ടായിരുന്ന 26327 രൂപയുടെ ആധികാരികത 23.9.2021-ലെ ഡേ-ബുക്കിലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. പദ്ധതി ആസൂത്രണത്തിലും ആവിഷ്ക്കാരത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്കാളിത്തം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

3. ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാ കാര്യങ്ങളിലും ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടൽ ഫലപ്രദമാക്കേണ്ടതും മീറ്റിംഗുകൾ യഥാസമയം നടത്തേണ്ടതുമാണ്.

4. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോർ, ഓഫീസ് ഫർണ്ണീച്ചറുകൾ, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമാവുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് | 07-09-2021 To 07-09-2021 | 01-02-2021 To30- | 08-09-2021 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 08-2021 | |
| എ.ജി ഓഡിറ്റ് | 17-08-2017 To 29-08-2017 | 2012-13 To 2016-17 | 19-10-2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2019-20 വർഷത്തെ വാർഷികക്കണക്കുകളിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ഓരോ അക്കൗണ്ടുകളിലേയും നിക്കിയിരിപ്പ് വർഷാവസാനം ബാങ്ക്/ ട്രഷറി അക്കൗണ്ട് പാസ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി റിക്കൺസീലിയേഷൻ പത്രിക സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്ററിൽ Contractors EMD, Suppliers EMD, Bidders EMD, Contractors Security Deposit, Suppliers Security Deposit, Auction Deposit, Other Deposit, Election Deposit, Rent Deposit, Contractors Retension എന്നിവയുടെ വരവ് ചെലവുകൾ Headwise ചേർത്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3. ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിലെ I-14(A) പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ഭരണച്ചെലവുകളും ഇ.എഫ്.എം.എസ് തുകയും ചേർന്ന തുക 13,582,586 രൂപയാണ് . എന്നാൽ എം.ജി. എൻ. ആർ. ഇ.ജി.എസിന്റെ കാഷ്ബുക്ക് പ്രകാരമുള്ള ഭരണ ചെലവ് 829636 രൂപയും ഇ.എഫ്.എം.എസ് തുക 11930562രൂപയുമുൾപ്പെടെ ആകെ 12,760,198 രൂപ ചെലവായി കാണുന്നുണ്ട്. ഇത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4. വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി -11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5. ബാലൻസ് ഷീറ്റിൽ ബി-14 ഷെഡ്യൂളിൽ സ്റ്റോർ ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം 28,446 രൂപയായി കാണിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ വർഷത്തെ സ്റ്റോക്ക്,സ്റ്റോർ സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

6. മുൻ വർഷങ്ങളിൽ ആർജ്ജിച്ച എല്ലാ ആസ്തികളുടേയും മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

7. ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് കളക്ഷൻ റജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

9. B4 സ്റ്റേറ്റ്മെന്റിലെ ഗ്രാന്റ് തുകകളുടെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് പ്രത്യേകം ACR, Cheque Issue Register എന്നിവ സൂക്ഷിക്കുന്നില്ല.

10. ദുരിതാശ്വാസ നിധിയിനത്തിലെ B2 ഷെഡ്യൂൾ പ്രകാരമുള്ള തുക RP-40(B)യുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.

24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ,വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ വരുന്ന കാന്റീൻ,ആഡിറ്റോറിയം ,ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ ,മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നിവയുടെ നികുതി നിരക്ക് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ വസ്തു നികുതി പ്രിന്റ് പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള നികുതി നിരക്കുകൾ നിശ്ചയിച്ച് കണ്ണമംഗലം ഗ്രാമപഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 1 തിയ്യതി 22-09-2021)

## 1-13 കെട്ടിട നികുതി -ചുമത്തിയതിൽ കുറവ്.

കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ ന്യൂ ബിൽഡിങ് അസസ്മെന്റ് രജിസ്റ്റർ വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരം കെട്ടിട നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ | കെട്ടിട നമ്പർ | പേര് | കെട്ടിടത്തിന്റെ | കെട്ടിടത്തിന്റെ | ഈടാക്കിയതുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| ന. | (നികുതി ചുമത്തിയത്) | | വിസ്തീർണ്ണം | തരം, ഈടാക്കിയ നികുതി നിരക്ക് | | | |
| 1 | 1/77 B (18/19 ഒ ന്നാം അർദ്ധവർഷം) | അബ്ദുള്ളക്കുട്ടി | 117.29 M2 | വാണിജ്യം, 30 | 4065 (- മേഖല ഇളവ് 10%) (+റോഡിന്റെ തരമനുസരിച്ചുള്ള 20%വർദ്ധന ) (+എൽ.സി 5%) | 6774 (100 M2 ന് മുകളിലുള്ള കെട്ടിടങ്ങളുടെ നിരക്കായ M2 ന് 50 നിരക്കിൽ നികുതി ചുമത്തിയില്ല. ) | 2709 |
| | | | ആകെ. | | | | 2709 |

ടാക്സ് ചുമത്തിയതിൽ കുറവ് വന്നത് മൂലം 2018/19,2019/20,2020/21 വർഷങ്ങളിൽ ആകെ 8127 (2709*3) രൂപയുടെ കുറവ് വന്നിട്ടുണ്ട്. തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 8/19-20 തിയ്യതി 06-10-2021)

## 1-14 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) -അപാകതകൾ .

കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചുവടെ പട്ടികയിൽ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 18,19 പട്ടിക 3 പ്രകാരം ഈടാക്കേണ്ട തുകകൾ, ക്രമ നമ്പർ 1 ൽ മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയതിൽ 600 രൂപയുടെ കുറവും , ക്രമ നമ്പർ 2ൽ മോട്ടോർ റണ്ണിംഗ് ഫീ 2000 രൂപയും ഈടാക്കിയിട്ടില്ല.

| ക്രമ ന. | ലൈസൻസ് നം. | സ്ഥാപനം ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 58/2019-20 | മലബാർ മെഷിൻ സാന്റ് 140 HP | 600 | കുതിര ശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് ചട്ടം 18,19 (പട്ടിക 3) പ്രകാരം ഈടാക്കേണ്ട 2000 രൂപക്ക് പകരം 1400 രൂപയേ ഈടാക്കിയുള്ളൂ. |
| 2 | 18/19-20 | ഇ.കെ സാന്റ്സ്& ഗ്രാനൈറ്റ്, 150 HP | 2000 | ചട്ടം 18,19 (പട്ടിക 3) പ്രകാരം ഈടാക്കേണ്ട 2000 രൂപ ഈടാക്കിയില്ല. |
| | | ആകെ | 2600 | |

തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ജി.ഒ(എം.എസ് ) നം.2/14/ഇ.എൻ.വി.ടി തിയ്യതി 21-02-2014 നമ്പർ ഉത്തരവ് പ്രകാരം അഞ്ച് ഹെക്ടറിൽ താഴെയുള്ള ഭൂമിയിൽ ക്വാറി നടത്തുന്നതിന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി യിൽ നിന്നും അനുമതി വാങ്ങേണ്ടതും അഞ്ച് ഹെക്ടറിൽ കൂടുതൽ വരുന്നവക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുമുള്ള അനുമതിയും ആവശ്യമാണ്. ചുവടെ പട്ടികയിൽ ചേർത്ത 2019-20 വർഷത്തേക്ക് ഗ്രാമ പഞ്ചായത്ത് ലൈസൻസ് അനുവദിച്ച നൽകിയ ക്വാറികൾക്ക് ഇത്തരത്തിൽ ആവശ്യമായ പാരിസ്ഥിതിക അനുമതി ലഭ്യമായിട്ടില്ല.

| ക്രമ ന. | ലൈസൻസ് നം. | സ്ഥാപനം | ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 13/2019-20 Dt 1/4/19 | വി.കെ.എം ക്വാറി | 1.5195 | സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി യിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടില്ല. |
| 2 | 18/19-20 Dt 30/4/19 | പി.ടി.എൽ ക്വാറി | 1.1995 | -ടി- |

| | | | | |
|---|---|---|---|---|
| 3 | 29/19-20 Dt 30/3/19 | ഷാഹുൽ ഹമീദ് ക്വാറി | 3.5426 | -ടി- |
| 4 | 28/19-20 Dt 01/4/19 | അബ്ദുൽ ഹമീദ് ക്വാറി മഞ്ഞേങ്ങര. | 3.1479 | -ടി- |
| 5 | 30/19-20 Dt 30/3/19 | ഷഹനാസ് ക്വാറി ,ആലക്കാട് | 1.7063 | -ടി- |
| 6 | 42/19-20 Dt 30/3/19 | ഇ.കെ.സി ഗ്രാനൈറ്റ് ക്വാറി | 2.7145 | -ടി- |
| 7 | 37/19-20 Dt 30/3/19 | കാശ്മീർ ഗ്രാനൈറ്റ്, കിളിനക്കോട് | 1.7687 | -ടി- |
| 8 | 16/19-20 Dt 01/4/19 | അഹമ്മദ് ഹർഷൽ ഗ്രാനൈറ്റ് ക്വാറി | .9876 | -ടി- |
| 9 | 03/19-20 Dt 01/4/19 | റോക്ക് വ്യൂ | 3.7352 | -ടി- |
| 10 | 12/19-20 Dt 01/4/19 | സൂപ്പർ സാന്റ്സ് | 4.9072 | -ടി- |

മതിയായ അനുമതിയോട് കൂടിയല്ലാത്ത ഖനന പ്രവർത്തനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) 80/2019-20 നമ്പറായി ലൈസൻസ് അനുവദിച്ച ചേറൂർ ഗ്രാനൈറ്റ് ക്രഷർ എന്ന സ്ഥാപനത്തിൽ നിന്നും ബിലേറ്റഡ് ഫീ 1250 രൂപ ( Inward No. A5/1174 Dt 8/3/2019 ) അടവാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 13/19-20 തിയ്യതി 08-10-2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല.) തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

പ്രൊജക്ടിന്റെപേര് : പാലിയേറ്റീവ് പരിചരണം (28/19-20)

അടങ്കൽ :6ലക്ഷം/-

ഫണ്ട് : പ്ലാൻ - 4ലക്ഷം/

ബ്ലോക്ക് പഞ്ചായത്ത് - 2ലക്ഷം/

ബിൽ നം 8/19-20 തീയതി. 12.2.20 തുക: 2 ലക്ഷം

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, മേൽ പ്രൊജക്ട് പ്രകാരം പരിരക്ഷ രോഗികൾക്ക് മരുന്ന വാങ്ങുന്നതിനായി 1,50,000 രൂപ (ബിൽ നം 8/19-20 തീയതി. 12.2.20) കെ എം എസ് സി എല്ലിന് മുൻകൂറായി നൽകിയിട്ടുണ്ട്. ഒരു വർഷം കഴിഞ്ഞിട്ടും പ്രഫോർമ ഇൻവോയ്സ് (നം പി.ആർ .എഫ് 2381/14.11.19) പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ മരുന്നിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തിയതി | തുക |
|---|---|
| 4318/30.07.21 | 6217 |
| 3706/28.07.21 | 4362 |
| 3702/28.07.21 | 11785 |
| 5110/16.08.21 | 11959 |
| 3724/28.07.21 | 20453 |
| 3701/28.08.21 | 11164 |
| 3727/28.07.21 | 28823 |
| 538/17.08.21 | 1200 |
| 4321/30.07.21 | 26681 |
| ആകെ | 122644 |

മുൻകൂറായി നൽകിയ തുകയിൽ 122644 രൂപയുടെ മരുന്നു മാത്രമാണ് ഓഡിറ്റ് തീയതി വരെയും ലഭ്യമാക്കിയിട്ടുള്ളത്. 27356 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നു.മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം 7/5.10.21(2019-20) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് : രേഖകൾ ലഭ്യമായില്ല.

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പ്രൊജക്ടിന്റെപേര് : SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (സ്പിൽ ഓവർ)

പ്രൊജക്ട് നം 179/2019-20

അടങ്കൽ :230080/-

ഫണ്ട് :എസ് സി.പ്ലാൻ - 220080/-

തനത് 4975

പ്ലാൻ 5025

ചെലവ് :220080/-(ബിൽ നം 6/12.5.19)

4902 (ചെക്ക് നം 21900283 /26.7.19 )

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം നിഡ്സൺ ഇൻഫോവേ പെരിന്തൽമണ്ണയിൽ നിന്നും 9 ലാപ്ടോപ്പുകൾ വാങ്ങി 9വിദ്യാർത്ഥികൾക്ക് 2019-20വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾ ലാപ്ടോപ് കൈപറ്റിയ വിവരം ഫയലിൽ ലഭ്യമാണ്. എന്നാൽ ടി ഗുണഭോക്താക്കളുടെ അർഹത പരിശോധിയ്ക്കുന്നതിനുള്ള അപേക്ഷകളും മറ്റനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്- 9/6.10.21(2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക224982 തടസ്സം ചെയ്യുന്നു.

## 1-17 സർക്കാർ സ്കൂളിൽ സൗകര്യം ഉറപ്പ് വരുത്താതെ എയ്ഡഡ് സ്കൂളുകളിൽ ടോയ് ലറ്റ് നിർമ്മിച്ചു നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ എയ്ഡഡ് സ്കൂളുകൾക്ക് ചുവടെ കാണിച്ച പദ്ധതികൾ പ്രകാരം ടോയ്ലറ്റ് യൂണിറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ രൂപീകരണം ,നിർവ്വഹണം എന്നിവ സംബന്ധിച്ച് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതായി സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് എയ്ഡഡ് സ്കൂളുകളിൽ സൌകര്യമേർപ്പെടുത്തിയിട്ടുള്ളത്. എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ടോയ്ലറ്റുകൾ നിലവിലില്ലെന്ന് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിലും (2019-20) വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം സർക്കാർ സ്കൂളുകളിലെ ടോയ് ലറ്റ് സൗകര്യം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ടോയ്ലറ്റ് നിലവിലുള്ളത് | | ഇനി വേണ്ടത് | | ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ് | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | നിലവിലുള്ളത് | ഇനി വേണ്ടത് |
| 1 | ജി.എൽ.പി.എസ്, നൊട്ടപ്പുറം | 1 | 1 | 1 | 1 | ഇല്ല | 1 |
| 2 | ജി.എൽ.പി.എസ്, ചേറൂർ | 1 | 1 | 1 | 1 | ഇല്ല | 2 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ജി.എം.യു.പി.എസ്, ചേറൂർ | 15 | 15 | - | - | ഇല്ല | 5 |
| 4 | ജി.എൽ.പി.എസ്, കിളിനക്കോട് | 2 | 2 | 4 | 4 | ഇല്ല | 2 |
| 5 | ജി.എൽ.പി.എസ്, എടക്കാപറമ്പ് | 1 | 2 | 1 | 2 | ഇല്ല | 2 |
| 6 | ജി.എൽ.പി.എസ്, കണ്ണമംഗലം | 1 | 1 | 1 | 1 | ഇല്ല | 2 |

സർക്കാർ സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്താതെയാണ് എയ്ഡഡ് സ്കൂളുകൾക്ക് ഗേൾസ് ഫ്രണ്ട്ലി ടോയ് ലറ്റുകൾ നിർമ്മിച്ച് നൽകിയതെന്ന് സ്റ്റാറ്റസ് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു.

2. എയ്ഡഡ് സ്കൂളിൽ ടോയ്ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

പ്രൊജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് വിശദാംശങ്ങൾ | ബിൽ നമ്പർ, തുക |
|---|---|---|
| 1 | എടക്കാപറമ്പ് എ.യു.പി.സ്കൂളിൽ ഗേൾസ് ഫ്രണ്ട് ലി ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം (185/20)<br>സാങ്കേതികാനുമതി- 450000<br>കരാറുകാരൻ- ശ്രീ. കോയക്കുട്ടി. പി.<br>കരാർ -85/31.3.2018<br>ചെലവ് തുക- 391264 രൂപ | 37/18.7.2019<br>391264 രൂപ |
| 2 | കിളിനക്കോട് എം.എച്ച്.എം. എ.യു.പി.സ്കൂളിൽ ഗേൾസ് ഫ്രണ്ടലി ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം (186/20)<br>സാങ്കേതികാനുമതി- 450000<br>കരാറുകാരൻ- ശ്രീ. ഷാനാവാസ്. ഇ.വി.<br>കരാർ -86/31.3.2018<br>ചെലവ് തുക- 392121 രൂപ | 32/18.7.2019<br>,<br>392121 രൂപ |

മേൽ രണ്ട് സ്കൂളുകളിലേയും ടോയ്ലറ്റ് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും കിളിനക്കോട് സ്കൂളിലെ ടോയ് ലറ്റ് നാളിതു വരെ ഉപയോഗപ്രദമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് നൽകിയതാണെന്ന് കാണിക്കുന്ന ബോർഡ് മേൽ രണ്ട് സ്കൂളുകളിലും സ്ഥാപിച്ചിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ 4/19-20/4-10-2021 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ എടക്കാപറമ്പ് സ്കൂളിലെ മാനേജ്മെന്റ് കമ്മിറ്റിക്ക് സമ്മതമുണ്ടെന്ന് അറിയിച്ചിട്ടുള്ള തിയതി രേഖപ്പെടുത്താത്ത കത്ത് ഹാജരാക്കി.

മേൽ അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം നൽകേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. പദ്ധതിപ്പണം സർക്കാർ നിർദ്ദേശത്തിന് വിധേയമായി വിനിയോഗിക്കുന്നതിന് അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-18 അസി. എഞ്ചിനീയറുടെ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം നിയമാനുസൃത നിയമനടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നു.[2]

2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion) രേഖപ്പെടുത്തുന്നില്ല.

3.പി.ഡബ്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4.1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ ചട്ടം 10 , ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മിക്ക ടെണ്ടറുകളിലും കരാറുകാർ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല. ക്വാട്ട് ചെയ്ത നിരക്കുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടെണ്ടർ ഫോറത്തിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

6. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ വെക്കുന്നില്ല. എസ്റ്റിമേറ്റുകളിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ ഉൾ പ്പെടുത്തിയിട്ടില്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടിക്രമങ്ങള്  പാലിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 മരാമത്ത് നിർവ്വഹണം - പൊതു അപാകതകൾ

l) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2019-20വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 144 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 59 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. 44 പദ്ധതികളുടെ 77,97,000 രൂപയുടെ ബില്ലുകൾ സമർപ്പിച്ചിരുന്നു എങ്കിലും ആയത് ട്രഷറി ക്യൂവിൽ ആയതിനാൽ തൻവർഷം ചെലവ് വന്നിട്ടില്ല. 56 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയിരുന്നെങ്കിലും ഇതിൽ 9 പദ്ധതികൾ ഈ വർഷവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 144 | ആകെ അടങ്കൽ | 3,17,75,841 |
| ചെലവ് വന്നത് | 59 | ചെലവ് തുക | 1,20,21,979 |
| ശതമാനം | 41% | ചെലവ് ശതമാനം | 37.83% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വീതം വെയ്ക്കൽ ശരിയായ ആസൂത്രണമല്ല. ഗ്രാമ പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമഗ്ര കാഴ്ചപ്പാടിലധിഷ്ഠിതമായ ആസൂത്രണമാണ് വേണ്ടത്. ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

2.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

3. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

4. ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തക്കുറവ്

ഓഡിറ്റ് വർഷം മാനുവൽ ടെണ്ടർ മുഖേന നിർവ്വഹിച്ച ഭൂരിഭാഗം പ്രവൃത്തികളിലും രണ്ട് പേർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമൻ എസ്റ്റിമേറ്റിലും ഉയർന്ന നിരക്കുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. ടെണ്ടറുകളിൽ മൽസര സ്വഭാവം ഇല്ലാത്തതിനാൽ ടെണ്ടർ സേവിങ്സ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുമായിരുന്ന ഫണ്ട് നഷ്ടപ്പെടുന്ന അവസ്ഥ വരുന്നു. ടെണ്ടറുകൾക്ക് കൂടുതൽ പരസ്യം നൽകി ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് കൂടുതൽ മത്സരാധിഷ്ഠിതമാക്കാൻ ബോധപൂർവ്വമായ ശ്രമങ്ങളും ക്രിയാത്മകമായ ഇടപെടലുകളും അനിവാര്യമാണ്.

5. പദ്ധതി രൂപീകരണത്തിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ പ്രൊജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക ,എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് നടന്നിട്ടുള്ളത്. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ ,മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്. നിലവിലുള്ള അവസ്ഥ രേഖ (സ്റ്റാറ്റസ് റിപ്പോർട്ട് ) കാലോചിതമായി പരിഷ്കരിക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിലാണ്. പ്രൊജക്ടിന്റെ അടങ്കൽ തുകയെക്കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതുണ്ട് . മോണിറ്ററിംഗ് നടത്തി റിപ്പോർട്ടുകൾ നൽകേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നിഷ്ക്രിയമായിരുന്നുവെന്ന് മിനുട്സിൽ നിന്നും വ്യക്തമാകുന്നു. വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഒരിക്കൽ യോഗം ചേർന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം നിർജീവമാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ- അധിക തുക 11865 രൂപ തിരികെ അടവാക്കി

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചേറൂർതോട് തടയണ സംരക്ഷണം എന്ന പ്രവൃത്തിയുടെ അഞ്ചാം ഇനമായി ഉൾപ്പെടുത്തി ചെയ്ത Centering And Shuttering എന്ന പ്രവൃത്തിക്ക് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് കോളം, പില്ലറുകൾ, കലുങ്കുകൾ തുടങ്ങിയവയുടെ ഷട്ടറിംഗിന് നൽകുന്ന നിരക്കാണ്. തോടിന്റെ സൈഡ് വാൾ കെട്ടുന്നതിന്റെ ഭാഗമായുള്ള ഷട്ടറിംഗ് പ്രവൃത്തിക്ക് DSR 5.9.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | Centering And Shuttering പ്രവൃത്തി ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ചേറൂർതോട് തടയണ സംരക്ഷണം ( 168/20-സ്പിൽഓവർ)<br>TS- 490000 (സി.എഫ്.സി.)<br>കരാറുകാരൻ- ശ്രീ. പി.അബ്ദുൽ അസീസ്.<br>(.01 % Below)<br>കരാർ 60/ 05.01.2018<br>ബിൽ നമ്പർ- 27/12.6.19, തുക 481145 രൂപ<br>അളവ് പുസ്തകം 176/18-19<br>കോസ്റ്റ് ഇൻഡക്സ് 37.25% | 73.5 M2 | 47196 രൂപ<br>@642.12/M2 | 38193 രൂപ<br>@519.63/M2 | 9003 |

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 9003 രൂപ രശീതി നമ്പർ-121320102687/7.10.2021 പ്രകാരം തിരിച്ചടവാക്കി.

2. കിളിനക്കോട് എം.എച്ച്.എം.എ.യു.പി.സ്കൂളിൽ ടോയ് ലറ്റ് നിർമ്മാണം- ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു.

പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കിളിനക്കോട് എം.എച്ച്.എം. എ.യു.പി.സ്കൂളിൽ ഗേൾസ് ഫ്രണ്ടലി ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം |
| പ്രോജക്ട് നമ്പർ- | 186/20 |
| സാങ്കേതികാനുമതി- | 450000 (പ്ലാൻ) |
| കരാറുകാരൻ- | ശ്രീ. ഷാനാവാസ്. ഇ.വി. |
| കരാർ - | 86/31.3.2018 |
| ചെലവ് തുക- | 392121 രൂപ |
| ബിൽ നമ്പർ | 32/18.7.2019 ,<br>392121 രൂപ |
| കോസ്റ്റ് ഇൻഡക്സ് | 37.25 |
| എം. ബുക്ക് | 39/17-18, 132/18-19 |

മേൽ പ്രവൃത്തിയുടെ21-ാം ഇനമായി 1 വാഷ് ബേസിൻ സ്ഥാപിച്ചതായും 20 ാം ഇനമായി 4 വാട്ടർ ടാപ്പുകൾ ഫിറ്റ് ചെയ്തതായും അളവെടുത്ത് മൂല്യ നിർണ്ണയം ചെയ്തിട്ടുണ്ട്. എന്നാൽ 6-10-2021 ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്കൂളിൽ സ്ഥല പരിശോധന നടത്തിയപ്പോൾ മേൽ വാഷ് ബേസിനും വാട്ടർ ടാപ്പുകൾ സ്ഥാപിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയതനുസരിച്ച് പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| DSR Approved Data | ഇനം ,നമ്പർ | എണ്ണം | നിരക്ക് | ആകെ അനുവദിച്ച തുക |
|---|---|---|---|---|
| 18.54.1 | 20, Providing And Fixing PTMT Bib Cock Of Approved Quality And Colour | 4 | 141.78 | 567.12 |
| 17.7.6 | 21, Providing And Fixing Wash Basin | 1 | 2295 | 2295 |
| | | ആകെ | | 2862 |

ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച 2862 രൂപ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് രശീതിനമ്പർ-121320102697/8.10.2021 പ്രകാരം തിരിച്ചടവാക്കി.

## 1-21 അസി. എഞ്ചിനീയറുടെ ഓഫീസിലേക്ക് ലാപ്ടോപ് വാങ്ങൽ -ഐ.ടി. മിഷന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അസി. എഞ്ചിനീയറുടെ ഓഫീസിലേക്ക് ലാപ്ടോപ് വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം (പ്രൊജക്ട് നമ്പർ- 242/20) 37746 രൂപ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ടും നമ്പറും | നൽകിയ തുക | ചെക്ക് നമ്പർ/ തിയതി | ഇൻവോയ്സ് നമ്പർ | ഇൻവോയ്സ് പ്രകാരം തുക |
|---|---|---|---|---|
| അസി. എഞ്ചിനീയറുടെ ഓഫീസിലേക്ക് ലാപ്ടോപ് വാങ്ങൽ | 37746 | 5443215/ 1.06.2020 | Pys121023790/25.8.2021 | 26182 |

| | | | | |
|---|---|---|---|---|
| പ്രൊജക്ട് നമ്പർ- 242/20<br>അടങ്കൽ- 50000<br>(തനത് ഫണ്ട്) | | | | |

മേൽ ഇൻവോയ്സ് പ്രകാരം 1 ACER Laptop, 1 Carry Bagഎന്നിവയാണ് സപ്ലൈ ചെയ്തിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം 26182 രൂപയാണ് ചെലവ് വന്നിട്ടുള്ളത്. 37746 രൂപ നൽകിയതിൽ ബാക്കി തുക 11564 രൂപ തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 6/ 2019-20/ 5-10-2021 നുള്ള മറുപടിയിൽ ബാക്കി തുകയുടെ ചെക്ക് തിരികെ നൽകുന്നതാണെന്ന് കെൽട്രോൺ അറിയിച്ചിട്ടുള്ള വിവരം ലഭ്യമാക്കിയിട്ടുണ്ട്. 11562 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 പൊതു വിദ്യാലയങ്ങളിൽ കുട്ടികൾക്കുള്ള പാർക്ക് സജ്ജീകരിക്കൽ: അപാകതകൾ

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പ്രൊജക്ടിന്റെപേര് : പൊതു വിദ്യാഭ്യാസസംരക്ഷണം-പൊതു വിദ്യാലയങ്ങളിൽ കുട്ടികൾക്കുള്ള പാർക്ക് സജ്ജീകരിക്കൽ (സ്പിൽ ഓവർ)

പ്രൊജക്ട് നം 180/2019-20

അടങ്കൽ :583000/- പ്ലാൻ

ചെലവ് :583000/-(ബിൽ നം 7/12.5.19)

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം,കുട്ടികൾക്കുള്ള പാർക്കിനുള്ള ഉപകരണങ്ങൾ വാങ്ങി സജ്ജീകരിക്കൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ഡെൽറ്റ എഞ്ചിനിയറിംഗ് സിസ്റ്റം കോട്ടയത്തിൽ നിന്നും 583000രൂപ (ഇൻ. നം. 76/25.3.19) ചെലവഴിച്ച് താഴെ കൊടുത്തിരിക്കുന്ന ഉപകരണങ്ങൾ വാങ്ങി.

| ഇനം | എണ്ണം |
|---|---|
| മെറിഗോ റൗണ്ട് | 5 |
| അനിമൽ സ്പ്രിംഗ് റൗണ്ട് | 5 |
| കാസ്റ്റ് അയേൺ ബെഞ്ച് | 5 |
| സ്ലൈഡർ | 5 |
| ഡ്യൂവൽ സ്വിംഗ് | 10 |

പദ്ധതിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 5 വിദ്യാലയങ്ങളിലേയ്ക്കാണ് മേൽ ഉപകരണങ്ങൾ വാങ്ങിയത്. പ്രസ്തുത വിദ്യാലയങ്ങൾ ടി-ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെയും വിദ്യാലയങ്ങളിൽ സ്ഥാപിച്ചതു സംബന്ധിച്ച സാക്ഷ്യ പത്രവും പരിശോധനയ്ക്ക് ഹാജറാക്കിയിട്ടില്ല.

2) ആദായനികുതി നിയമം, വകുപ്പ് 194c പ്രകാരം വർക്ക് കോൺട്രാക്റ്റിൻമേൽ 2% ഇൻകം ടാക്സ് കുറവ് വരുത്തേണ്ടതുണ്ട്. എന്നാൽ ആദായ നികുതി കുറവ് ചെയ്യാതെയാണ് പെയ്മെന്റ് നടത്തിയിട്ടുള്ളത്.

അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് 10/6.10.21(2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | 29.9.2021 മുതൽ 30.9.2021 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ നം,പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 162500 | 116 ,നെൽ കൃഷിക്ക് കൂലിചെലവ് | 162500 | 0 |
| | 200000 | 28 ,പരിരക്ഷ | 200000 | 0 |
| | 800000 | 255 ,ലൈഫ് ഭവന പദ്ധതി | 800000 | 0 |
| | 200000 | 130 ,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 200000 | 12, അങ്കണവാടി പോഷകാഹാരം | 200000 | 0 |
| “ | 600000 | 255, ലൈഫ് ഭവന പദ്ധതി | 600000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | 130, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പിഎച്ച്സി കുഴൽ കിണർ മോട്ടോർ സ്ഥാപിക്കൽ (247) | 1915205200101497204 തി-14/03/2020 | 48800 | 0 | 48800 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|---|

| | | നമ്പർ/ തിയ്യതി | | | മുതൽ | പലിശ | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 1340992 | 1340992 | 294118 | 0 | 1046874 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2132 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-1 | 2132 | ശ്രീ.ശുഹൈബ്, അസിസ്റ്റന്റ് എഞ്ചിനീയർ | 119150100454/ 8.5.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-1 | 2007-08 | --- | ഡെപ്പോസിറ്റ് വർക്ക് ബാക്കി തുക തിരികെ ലഭിച്ചില്ല | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2015-16 | --- | അക്കൗണ്ടിംഗ് സമ്പ്രദായം | നടപടി തുടരുന്നു |
| 2014-15 | --- | 2016-17 | 2(1), 2(2) | തൊഴിൽ നികുതി അപാകങ്ങൾ<br>വസ്തുനികുതി ഈടാക്കിയതിൽ 10698/- രൂപയുടെ കുറവ്. | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 61475877 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 54510069 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 224982 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 224982 | ശ്രീ . സൈതലവി, ഹെഡ്മാസ്റ്റർ |
| ആകെ | 224982 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 200 2-03 | കെ.എസ്.എ.എം.പി.എം.14/1036/18<br>തിയ്യതി 14.06.2018 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം.14/1036/18<br>തിയ്യതി 14.06.2018 | 7 |
| 2004-05 | കെ.എസ്.എ.എം.പി.എം.14/1036/18<br>തിയ്യതി 14.06.2018 | 1 |
| 2005-06 | എൽ എഫ് എം 14/2562/2011<br>തിയ്യതി 24.02.2010 | 12 |
| 2006-07 | എൽ എഫ് എം 14/668/10<br>തിയ്യതി 23.05.2011 | 25 |
| 2007-08 | എൽ എഫ് എം 14/1021/2011<br>തിയ്യതി 19.11.2011 | 12 |
| 2008-09to2010-11 | എൽ എഫ് എം 14/195/2013<br>തിയ്യതി 01.06.2013 | 27 |

| | | |
|---|---|---|
| 2011-12, 2012-13 | കെ എസ് എ എം പി എം 14/3096/15 തിയ്യതി 04.07.2018 | 19 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.14/2140/16 തിയ്യതി 03.06.2017 | 6 |
| 2015-16 | കെ.എസ്.എ.എം.പിഎം.14/3000/16 തീയതി 06.02.2018 | 3 |
| 2016-17 | കെ.എസ്.എ.എം.പിഎം.14/1785/17 തീയതി 22.06.2018 | 14 |
| 2017-18 | കെ.എസ്.എ.എം.പിഎം.14/222/19 തീയതി 01.06.2019 | 19 |
| 2018-19 | കെ.എസ്.എ.എം.പിഎം.14/2557/19 തീയതി 14.11.2019 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്